**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4546** **19-07-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ നശിപ്പിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | വന്യജീവികൾ മൂലമുണ്ടാകുന്ന കാർഷിക നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ടി അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അല്ലാതെയോ നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം നൽകാവുന്നതാണ്. ടി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കർഷ കർക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ച് കാർഷിക വിളകൾ തിരിച്ചുള്ള വിവരങ്ങൾ വനം വകുപ്പ് ജീവനക്കാർ ഫീൽഡ് പരിശോധന നടത്തുകയും 08.01.2015-ലെ സ.ഉ.(കൈ)നം.02/2015/വനം, 05.04.2018-ലെ സ.ഉ.(കൈ)നം 17/2018/വനം എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നശിപ്പിക്കപ്പെട്ട ഓരോ കാർഷിക വിളകൾക്കുമായി തുക കണക്കാക്കുകയും കർഷകന് നഷ്ടപരിഹാരം നൽകിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ